കൊല്ലം ലൈൻ മീററർ ഗേജായതുകൊണ്ട് വളരെയധികം അസൗകര്യങ്ങളുണ്ട്. അതുകൊണ്ട് ഈ ലൈൻ ബ്രാഡ്ഗേജാക്കണമെന്നും ശുപാർശ ചെയ്യുന്ന കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലുണ്ട്.

Mr. Speaker : Question No. 7, an dientical question has already been answered. Question No. 8 may be put now.

പാക്കേജു പദ്ധതി

* 153. [8] ശ്രീ. കെ. ഹസ്സൻ ഗനി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) പാക്കേജു പദ്ധതിമൂലം കഴിഞ്ഞ ഒരു വർഷക്കാലത്തു് വിളവുകളിൽ എത്ര ശതമാനം വർദ്ധിച്ചിട്ടുണ്ടു്;

(ബി) ആലപ്പുഴ ഡിസ്ട്രിക്ടിൽ എത്ര, പാലക്കാട് ഡിസ്ട്രിക്ടിൽ എത്ര ;

(സി) പാക്കേജു പദ്ധതിമൂലം കൃഷിക്കാരനു് മുമ്പുണ്ടായിരുന്നതിലും എത്ര ശതമാനം ചെലവുകൂടി വർദ്ധിച്ചിട്ടുണ്ടു് ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസു്) :

(എ, ബി) വിളവുകളിൽ വർദ്ധനവുവിവരം താഴെപ്പറയുന്ന പ്രകാരമാണു്.

ആലപ്പുഴജില്ല

വിള.	വർദ്ധനവുശതമാനം.
വിരിപ്പു്	45.42
മുണ്ടകൻ	55.10
പുഞ്ച	10.95

പാലക്കാട്ടുജില്ല

വിരിപ്പു്	28.96
മുണ്ടകൻ	19.70

(സി) ഫാം പ്രൊഡക്ഷൻ പ്ലാൻ അനുസരിച്ചു എല്ലാകാർഷിക പ്രവർത്തനങ്ങളും നടത്തുകയാണെങ്കിൽ 35 മുതൽ 40 ശതമാനംവരെ കൃഷിച്ചെലവു വർദ്ധിക്കും. എന്നാൽ സാധാരണമായി ഫാം പ്രൊഡക്ഷൻ പ്ലാൻ അനുസരിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും കർഷകർ നടത്താറില്ല. ഏതാണ്ടു് കുറെ ഇനങ്ങളും മാത്രമെ അവർ സാധാരണമായി ചെയ്യുവരുന്നുള്ളു. തന്മൂലം കാർഷിക ചെലവിൽ ശരാശരി ഒരു ഇരുപത്തിഅഞ്ചു ശതമാനം വർദ്ധനവു ഉണ്ടായിരിക്കുമെന്നു കണക്കാക്കപ്പെടുന്നു.

ശ്രീ. കെ. ഹസ്സൻ ഗനി : ഈ ചെലവു വർദ്ധനവുകൊണ്ടു് യഥാർത്ഥത്തിൽ കൃഷിക്കാർക്കു് ഗുണമൊന്നും ഉണ്ടാകുന്നില്ലെന്നു ഗവണ്മെൻറുമനസ്സിലാക്കുന്നുണ്ടോ ? പാക്കേജു് പദ്ധതിയുടെ അടിസ്ഥാനത്തിൽ കൃഷിക്കാർക്കു് Short term loan കൊടുക്കുന്നുണ്ടു്. എന്നാൽ ആ ലോൺ സംഖ്യ തിരിച്ചടയ്ക്കുന്നതിൽ 25 ശതമാനത്തിൽ കൂടുതലായിട്ടു കുടിശ്ശിക വന്നാൽ ലോൺ കൊടുത്തുതീർത്ത ആളുകൾക്കുപോലും ഒരു പൈസയും പിന്നീടു കിട്ടുകയില്ലെന്ന ഒരു പരിതഃസ്ഥിതിയുണ്ടു്. ആ പരിതസ്ഥിതി മാറുന്നതിനു റിസർവ്വ് ബാങ്കുമായി ആലോചിച്ചു ഈ ഗവണ്മെൻറു് എന്തെങ്കിലും ഏർപ്പാടുകൾ ചെയ്യുമോ ? കൊടുത്തുതീർത്ത ആളുകൾക്കു് വീണ്ടും ലോൺ എടുക്കുന്നതിനു് ഗവണ്മെൻറു് എന്തെങ്കിലും നടപടിയെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. പി. പൗലോസ് : ലോൺ കൊടുത്തുതീർത്ത ആളുകൾക്ക് വീണ്ടും ലോൺ കിട്ടുന്നതിനു ബുദ്ധിമുട്ടുണ്ടാകുകയില്ല. അവർക്ക് ലോൺ കൊടുക്കുവാൻ വേണ്ട നിർദ്ദേശം കൊടുക്കുവാൻ പോകുന്നുണ്ടെന്നാണറിയുന്നതു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ഗവണ്മെൻറിൽനിന്നു കഴിഞ്ഞകൊല്ലം ചില പ്രത്യേക തരത്തിലുള്ള നെല്ലു വിത്തുകൾ വിതരണം ചെയ്യുന്നതിനു ഉദ്ദേശിക്കുകയുണ്ടായി. എന്നാൽ പഞ്ചായത്തുതോറും വിതരണംചെയ്യുന്നതിനു ഉദ്ദേശിച്ച വിത്തുകൾ കൃഷിയിറക്കേണ്ട കാലംകഴിഞ്ഞപ്പോഴാണു അവിടെ ചെന്നുചേർന്നതു്. അതിന്റെ ഫലമായി ഞാൻ ഉൾപ്പെട്ട പഞ്ചായത്തിൽ അനേകായിരംപറ വിത്തുകൾ കൃഷിക്കാർക്ക് കൊടുക്കാതെ ഉപയോഗശൂന്യമായി കിടപ്പുണ്ടു്. ഇങ്ങനെ എത്ര വിത്തു് ഉപയോഗശൂന്യമായി പോയിട്ടുണ്ടെന്നു് അന്വേഷിക്കുകയും അതുമൂലം എത്രമാത്രം നഷ്ടം ഗവണ്മെൻറിനു വന്നിട്ടുണ്ടെന്നു അന്വേഷിക്കുകയും ചെയ്യുന്നതിനു ദയവുണ്ടാകുമോ ? ഇങ്ങനെ ഉപയോഗശൂന്യമായി കിടക്കുന്ന വിത്തുകൾ ലേലം ചെയ്യുന്നതിനു ആവശ്യമായ നടപടിയെടുക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : അതിനെക്കുറിച്ചു് അന്വേഷിക്കുകയും ആവശ്യമായ നടപടികൾ എടുക്കുകയും ചെയ്യാം.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഉഴവൂർ പഞ്ചായത്തിൽ പത്തു് അറുനൂറു് പറ വിത്തു് വെറുതെ കിടക്കുന്നുണ്ടു്. എന്തുകൊണ്ടാണു് ഇങ്ങനെ സംഭവിച്ചതെന്നു ഗവണ്മെൻറു് അന്വേഷണം നടത്തുമോ ?

ശ്രീ. ഇ. പി. പൗലോസ് : അതിനെക്കുറിച്ചു് അന്വേഷിക്കാം.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : നെൽകൃഷിക്കു് സഹായം ചെയ്യുന്ന ഏർപ്പാടുകളാണു് പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതു്. നെൽകൃഷി അല്ലാതെ കമുകു കൃഷി, തെങ്ങുകൃഷി മുതലായതു പാക്കേജ് പദ്ധതിയിൽ ഉൾപ്പെടുത്തി വേണ്ട സഹായം ചെയ്യുവാൻ ഗവണ്മെൻറു നടപടിയെടുക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : ആലപ്പുഴയിലും പാലക്കാട്ടും ഉള്ള പാക്കേജ് പദ്ധതിയിൽ എല്ലാവിധ കൃഷിക്കും സഹായം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ഉണ്ടു്. പക്ഷേ intensive paddy cultivation പദ്ധതികൾ മാത്രമേ മറ്റു ബ്ലാക്കുകളിൽ നടപ്പാക്കുന്നുള്ളൂ.

ശ്രീ. ഇ. പി. ഗോപാലൻ : വിളവു വർദ്ധനവിനെപ്പറ്റിയുള്ള കണക്ക് എങ്ങനെയാണു എടുക്കുന്നതെന്നു പറയാമോ ? പാക്കേജ് പദ്ധതിയിൽ തുടക്കിയിട്ടുള്ള പണത്തിന്റെ തോതനുസരിച്ചു വിളവു വർദ്ധന ഉണ്ടായിട്ടുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് : 1963–64 വർഷത്തിൽ കിട്ടിയിട്ടുള്ള കണക്കാണു് ഇവിടെ പറഞ്ഞതു്. നിർദ്ദേശിച്ചിട്ടുള്ള ചെലവുകളായിരിക്കുകയില്ല കൃഷിക്കാർ ചെയ്തിട്ടുള്ളതു്. കൃഷിക്കാർ വിളവെടുത്തിട്ടുള്ളതിന്റെ ഫലമായിട്ടു് കിട്ടിയിട്ടുള്ള കണക്കാണിതു്.

ഇൻലൻഡ് നാവിഗേഷൻ

* 154. [9] ശ്രീ. പി. ആർ. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) അടുത്ത വർഷത്തിൽ ഇൻലൻഡ് നാവിഗേഷൻ ഇനത്തിൽ ഏതെല്ലാം വക്കുകൾ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടു് ;

(ബി) ഒല്ലൂർ കണിമംഗലം തോടും, കനോലി കനാലിൽനിന്നു കുന്നംകുളത്തേയ്ക്കു വെട്ടുന്ന തോടും അടുത്തവർഷം ആരംഭിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly